# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 254 — 09.07.2015 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി<br>,, സി. ദിവാകരൻ<br>,, കെ. രാജു<br>ശ്രീമതി ഇ.എസ്. ബിജിമോൾ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം എന്നു മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഗുണഭോക്താക്കളെ കണ്ടെത്തുക, റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുക, മധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, പൊതുവിതരണരംഗത്തെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ ഒന്നാം ഘട്ടമായി ഡിജിറ്റലൈസേഷൻ, സപ്ലൈ ചെയിൻ മാനേജ്മെന്റ് സിസ്റ്റം, പരാതി പരിഹാരത്തിനുള്ള സംവിധാനം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡ് പുതുക്കൽ പൂർത്തിയാവുന്നതോടെ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത നിയമം നടപ്പാക്കുന്നതോടു കൂടി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കുന്ന എത്ര പേർ പരിധിക്ക് പുറത്താകും; അങ്ങനെയുള്ളവർക്ക് ആനുകൂല്യം നൽകുന്ന ചുമതല സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നിലവിലെ ഒരു ഗുണഭോക്താവും റേഷനിംഗ് സമ്പ്രദായത്തിൽ നിന്നും പുറത്താകുന്നില്ല. കേന്ദ്ര സർക്കാർ പ്രതിമാസം നൽകുന്ന 14.25 മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന 1.54 കോടി ജനങ്ങൾക്കായി ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ നൽകുന്നതിന് 10.09 മെട്രിക് ടൺ ഭക്ഷ്യധാന്യം മതിയാകുന്നതാണ്. ബാക്കി വരുന്ന 4.6 മെട്രിക് ടൺ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി നൽകുവാൻ കഴിയുന്നതാണ്. നിലവിലെ എ.പി.എൽ. (എസ്.എസ്) കാർഡുടമകൾക്ക് സബ്സിഡി തുടർന്നും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിൽ റേഷൻ ലഭിക്കുന്ന എല്ലാ വ്യക്തികൾക്കും തുടർന്നും നൽകും, 16.25 ലക്ഷം ടൺ ഭക്ഷ്യധാന്യം കേരളത്തിന് ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്, ഇത് ലഭ്യമായാൽ കൂടുതൽ വിഹിതം ജനറൽ വിഭാഗത്തിന് നൽകുവാൻ കഴിയും. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി പുതിയ റേഷൻ കാർഡ് നൽകൽ, റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി, ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി അപേക്ഷാഫാറം തയ്യാറാക്കുകയും, ടി അപേക്ഷാഫാറം പൊതുവിതരണ ശാലകളിലൂടെ കാർഡുടമകൾക്ക് നൽകി, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന തരത്തിൽ കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ, പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ എടുക്കുകയും, കാർഡുടമകളിൽ നിന്നും ശേഖരിച്ച അപേക്ഷാഫാറം ഡാറ്റാ എൻട്രി നടത്തി വരികയും ചെയ്യുന്നു. താലൂക്ക് അടിസ്ഥാനത്തിൽ മുൻഗണനാ റാങ്ക് നിശ്ചയിക്കുകയും കരട് റാങ്ക് പട്ടിക, വെബ്സൈറ്റ്, തദ്ദേശ സ്വയം ഭരണവകുപ്പ് സ്ഥാപനങ്ങൾ, സപ്ലൈ ഓഫീസുകൾ എന്നിവയിൽ കൂടി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറായ, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളായ കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കുകയും, മേൽ തീരുമാനത്തിനെതിരായ അപ്പീൽ താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറും, തഹസീൽദാർ ചെയർമാനും, ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസർ, ഐ.സി.ഡി.എസ്. പ്രോജക്ട് ആഫീസർ അംഗങ്ങളായ കമ്മിറ്റി പരിശോധിച്ച് പരിഹരിക്കുന്നതുമാണ്. ആയതിനുശേഷം അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ആയതിൻ പ്രകാരം മുൻഗണനാ കാർഡുകൾ നൽകുകയും ചെയ്യുന്നതാണ്. റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 14 കടകൾക്കും എറണാകുളം ജില്ലയിലെ 8 കടകൾക്കുമുൾപ്പെടെ 22 കടകൾ മോഡൽ പൈലറ്റ് പ്രോഗ്രാമിനായി തിരഞ്ഞെടുക്കുകയും, പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ